പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1254 — 12/07/2011 - ൽ മറുപടിക്ക്

## സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയാൻ നടപടി

| ചോദ്യം<br>ശ്രീ. പി. തിലോത്തമൻ | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | പൊതുസ്ഥലങ്ങളിലും വാഹനങ്ങളിലും സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങളുടെ എണ്ണം കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | ഇത്തരത്തിലുള്ള അതിക്രമങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിദ്യാലയ പരിസരങ്ങളിലും, സ്കൂൾ-ഓഫീസ് സമയങ്ങളിൽ പ്രധാന കവലകളിലും പോലീസിനെ നിയോഗിച്ചും, പോലീസ് പട്രോളിംഗ് ഏർപ്പെടുത്തിയും, ഷാഡോ പോലീസിനെ നിയോഗിച്ചും, വനിതാ ഹെൽപ് ലൈൻ, ക്രൈം സ്റ്റോപ്പർ, വനിതാ സെൽ തുടങ്ങിയ സംവിധാനങ്ങളിലൂടെയും ഈ പ്രശ്നത്തിന് പരിഹാരം കാണാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സ്കൂൾ കുട്ടികളും സ്ത്രീകളും യാത്ര ചെയ്യുന്ന സന്ദർഭങ്ങളിൽ വഴിവക്കിൽ കൂട്ടമായി നിന്ന് കമന്റ് അടിക്കുകയും അസഭ്യം പറയുകയും ചെയ്യുന്നവരെ നിയന്ത്രിക്കുന്നതിനും അത്തരമാളുകളുടെ സ്ഥിരമായ മാർഗ്ഗങ്ങൾ നിരീക്ഷിച്ച് നടപടികൾ കൈക്കൊള്ളുന്നതിനും വനിതാ പോലീസ്, റസിഡന്റ്സ് അസോസിയേഷനുകൾ മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയെ യോജിപ്പിച്ച് ഒരു ഒബ്സർവേഷൻ ബോഡി രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ബി) | കമ്മ്യൂണിറ്റി പോലീസ് ജനമൈത്രി പോലീസ് പദ്ധതികൾ നടപ്പിലാക്കിയ പോലീസ് സ്റ്റേഷൻ പരിധികളിൽ സമാനമായ സംവിധാനങ്ങൾ നിലവിലുണ്ട്. |
| (സി) | ഇപ്രകാരം കുഴപ്പക്കാരെന്നു കാണുന്നവർക്കെതിരെ മാതൃകാപരമായി നടപടി കൈക്കൊള്ളുമോ ? | (സി) | നടപടി കൈക്കൊള്ളുന്നുണ്ട്. |

സെക്ഷൻ ഓഫീസർ